# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 308** — **10/05/2017-ൽ മറുപടിക്ക്**

## സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് മരുന്നുകൾ സൂക്ഷിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ഡോ.എൻ. ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**,, മോൻസ് ജോസഫ്**<br>**,, സി.എഫ്.തോമസ്** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് മരുന്നുകൾ സൂക്ഷിക്കുന്നതിന് മൊത്ത, ചില്ലറ വില്പനശാലകൾ എന്തെല്ലാം മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്; വ്യക്തമാക്കുമോ; | എ) മരുന്നു വിതരണ/വിൽപ്പന ലൈസൻസുകൾ അനുവദിക്കുന്നതിന് ഡ്രഗ്സ് & കോസ്മെറ്റിക്സ് ചട്ടത്തിൽ നിഷ്കർഷിച്ചിരിക്കുന്നപ്രകാരം വിസ്തീർണ്ണമുള്ള മുറിയും, മരുന്നുകൾ അവയുടെ ഷെൽഫ് ലൈഫിലുടനീളം ഗുണനിലവാരം നിലനിർത്തുന്നതിനായുള്ള സംഭരണ സംവിധാനങ്ങളും, ഇത്തരം കാര്യങ്ങൾ പാലിക്കപ്പെടുന്നതിനും ഡോക്ടറുടെ കുറിപ്പടിക്കനുസൃതമായി മാത്രം മരുന്നുകൾ വിൽപ്പന നടത്തുന്നതിനുമായി രജിസ്റ്റേഡ് ഫാർമസിസ്റ്റിന്റെ സേവനവുമാണ് ആവശ്യമായിട്ടുള്ളത്. കൂടാതെ ലൈസൻസുകൾ ലഭ്യമായ ശേഷം മരുന്നുകളുടെ സംഭരണ/വിതരണ രീതികൾ ഡ്രഗ്സ് & കോസ്മെറ്റിക്സ് റൂൾസിലെ, ചട്ടം 65 -ൽ പ്രതിപാദിച്ചിട്ടുള്ളതു പ്രകാരമാണ് നടത്തേണ്ടത്. |
| ബി) മരുന്നുകളിൽ അടങ്ങിയിരിക്കുന്ന രാസപദാർത്ഥങ്ങൾ, സംയുക്തങ്ങൾ ഇവ ചൂട്, ഈർപ്പം, സൂര്യപ്രകാശം, പൊടി തുടങ്ങിയവയുമായി പ്രതിപ്രവർത്തിക്കാനുള്ള സാധ്യത എത്രത്തോളമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ; | ബി) ഭൗതിക സാഹചര്യങ്ങളുടെ സ്വാധീനത്താൽ മരുന്നുകളിലടങ്ങിയിരിക്കുന്ന രാസഘടകങ്ങൾക്ക് വ്യതിയാനങ്ങൾ കണ്ടുവരുന്നതിന്റെ അടിസ്ഥാനത്തിൽ ചൂട്, ഈർപ്പം, സൂര്യപ്രകാശം തുടങ്ങിയവയുടെ പ്രവർത്തനം മൂലം ഇവയുടെ പ്രതിപ്രവർത്തനത്തെക്കുറിച്ച് കൃത്യമായി പഠനങ്ങൾ നടത്തിയാണ് ഓരോ മരുന്നിന്റെയും കാലാവധി നിശ്ചയിക്കുന്നത്. രാജ്യാന്തര തലത്തിൽ എല്ലാ രാജ്യങ്ങളുടേയും ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്ത് സോണുകളായി തരം |

തിരിച്ചാണ് ഇത്തരം പഠനങ്ങൾ നടത്തുന്നത്.

| | | | |
|---|---|---|---|
| **സി)** | സംസ്ഥാനത്തെ അന്തരീക്ഷ ഊഷ്മാവിലുണ്ടായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്ത് മരുന്നു വില്പന ശാലകളിലും വീട്ടുകളിലും മരുന്നുകൾ സൂക്ഷിക്കുമ്പോൾ അവ കൃത്യമായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഉതകുന്നവിധത്തിൽ ബോധവൽക്കരണ പരിപാടികൾക്കായി നടപടി സ്വീകരിക്കുമോ? | **സി)** | അന്തരീക്ഷ ഊഷ്മാവ് കൂടാതെ ഈർപ്പം, സൂര്യപ്രകാശം എന്നിവയുടെ ഏറ്റവും ഉയർന്ന പരിധിയെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളെ ആസ്പദമാക്കിയാണ് മരുന്നുകൾക്ക് ഷെൽഫ് ലൈഫ് നിശ്ചയിച്ചുറപ്പിക്കുന്നത്. ആയതിനാൽ സംസ്ഥാനത്തെ നിലവിലുള്ള ഭൗതിക സാഹചര്യങ്ങളിലും മരുന്നുകളുടെ ഗുണനിലവാരം നിലനിർത്തപ്പെടുന്നുണ്ട്. എന്നാൽ ഈ കാര്യങ്ങളൊന്നും കണക്കിലെടുക്കാതെയുള്ള വളരെ അലക്ഷ്യമായ കൈകാര്യം ചെയ്യൽ മൂലം മരുന്നുകളുടെ ഗുണനിലവാരം നഷ്ടപ്പെടാൻ സാധ്യതയുണ്ട്. ഇത്തരം സാഹചര്യങ്ങളൊഴിവാക്കുന്നതിനായി ലൈസൻസികൾക്കായി ബോധവൽക്കരണ പരിപാടികൾ അതാത് ജില്ലാ കാര്യാലയങ്ങളിൽ നടത്തുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**